പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6226 — 2.4.2018 -ൽ മറുപടിയ്ക്ക്

## ആഭ്യന്തര / വിദേശ വിനോദ സഞ്ചാരികൾ

| ചോദ്യം<br>ശ്രീ.പി.കെ. ശശി : | | മറുപടി<br>ശ്രീ. കടകംപളളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ടൂറിസം മേഖലാവളർച്ചക്കായി ടൂറിസം വകുപ്പ് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും ആയതിനായി 2016-17, 2017-18 വർഷങ്ങളിൽ എത്ര തുകയുടെ പ്രവർത്തനങ്ങളാണ് നടത്തിയതെന്നും വ്യക്തമാക്കുമോ; | എ) | അടിസ്ഥാന സൗകര്യ വികസനത്തിനും വിപണത്തിനും പ്രാധാന്യം നൽകിയുള്ള വികസന പ്രവർത്തനങ്ങളാണ് ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>• ടൂറിസം വിപണനം ലക്ഷ്യമിട്ട് വിവിധ രാജ്യങ്ങളിൽ ടൂറിസം വകുപ്പ് വിവിധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചു<br>• കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ/ഓഫ് ലൈൻ പ്രവർത്തനങ്ങൾ നടപ്പാക്കി.<br>• നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി.<br>• വിനോദസഞ്ചാരികളെയും കലാസ്വാദകരെയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ കേരള ടൂറിസത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു<br>• ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി. |

| | | | |
|---|---|---|---|
| | | | • ടൂറിസം സെന്ററുകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ<br>• ഭിന്ന ശേഷി സൗഹൃദസൗകര്യങ്ങൾ<br>• ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കൽ<br>• ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി ലൈഫ് ഗാർഡുകൾ, ടൂറിസം പോലീസ്, പോലീസ് എന്നിവരുടെ സേവനം<br>• ടൂറിസം സെന്ററുകളിൽ മുന്നറിയിപ്പ് ബോർഡുകൾ, സഞ്ചാരികൾക്കുള്ള അവബോധന ബോർഡുകൾ എന്നിവ സ്ഥാപിക്കൽ.<br>• ടൂറിസം സെന്ററുകളിൽ മാലിന്യ നിയന്ത്രണം, ശുചീകരണം എന്നിവയ്ക്കുള്ള പ്രത്യേകം പദ്ധതികൾ<br>• ബാരിയർ ഫ്രീ ടൂറിസം പദ്ധതി<br>• വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം, പൊതു സ്വകാര്യ സംരംഭങ്ങൾ എന്നിവയുടെ പരിപോഷണവും പ്രോത്സാഹനവും<br>• വകുപ്പിന്റെ കീഴിലുള്ള ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ഗ്രാമീണ ടൂറിസം വികസനവും തൊഴിൽ സാധ്യതയും ഉറപ്പാക്കൽ<br>• നവമാധ്യമങ്ങളിലെ പ്രചാരണങ്ങളുടെ ഭാഗമായി ഗോ കേരള ആപ്പ്, ലോവസ്റ്റ് യൂണിക് ബിഡ് എന്നീ വിപണന പരിപാടികൾ<br>• ഉത്തരവാദിത്ത ടൂറിസം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾക്ക് ഉത്തരവാദിത്ത ടൂറിസത്തിന് പ്രത്യേക മിഷൻ<br>• ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റാറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സിസ്റ്റം.<br>• ഹൗസ് ബോട്ടുകളിൽ ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം ഏർപ്പെടുത്തൽ.<br><br>ഇതിനായി 2016-17-ൽ 4,11,08,02,705/- രൂപയുടേയും 2017-18-ൽ 3,71,37,09,287/- രൂപയുടെയും പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |

<table>
<tr><td></td><td></td><td></td><td></td></tr>
<tr><td>ബി)</td><td>പ്രസ്തുത വർഷങ്ങളിൽ കേരളത്തിലെത്തിയ ആഭ്യന്തര സഞ്ചാരികൾ എത്ര എന്നും വിനോദസഞ്ചാരികൾ എത്ര എന്നും വ്യക്തമാക്കുമോ;</td><td>ബി)</td><td>2016, 2017വർഷങ്ങളിൽ കേരളം സന്ദർശിച്ച ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>
<table>
<tr><td>വർഷം</td><td colspan="2">വിനോദസഞ്ചാരികളുടെ എണ്ണം</td></tr>
<tr><td></td><td>ആഭ്യന്തരം</td><td>വിദേശം</td></tr>
<tr><td>2016</td><td>13172535</td><td>1038419</td></tr>
<tr><td>2017</td><td>14673520</td><td>1091870</td></tr>
</table></td></tr>
<tr><td>സി)</td><td>ആഭ്യന്തര/വിദേശ സഞ്ചാരികളെ ആകർഷിക്കാനും അവരുടെ എണ്ണം വർദ്ധിപ്പിക്കാനും അതിലൂടെ സംസ്ഥാന ടൂറിസം മേഖലാ വളർച്ചയ്ക്കായി വകുപ്പ് നടത്താനുദ്ദേശിക്കുന്ന തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;</td><td>സി)</td><td>ആഭ്യന്തര/വിദേശ സഞ്ചാരികളെ ടൂറിസം രംഗത്തേക്ക് ആകർഷിക്കാൻ ചുവടെ ചേർക്കുന്ന പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്.<br>• ആഗോളതലത്തിൽ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും<br>• രാജ്യാന്തര പ്രസക്തിയുള്ള വ്യക്തിയെ ബ്രാൻഡ് അംബാസഡറാക്കി രാജ്യത്തിനകത്തും പുറത്തും പ്രചരണ പരിപാടികൾ സംഘടിപ്പിക്കും.<br>• നിലവിലുള്ള വിപണന തന്ത്രങ്ങൾ അവലോകനത്തിന് വിധേയമായി കാലോചിതമായി പരിഷ്കരിച്ച് പുതിയ മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിക്കും<br>• നിലവിലുള്ള പ്രധാന സ്രോതസ്സായ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ ടൂറിസം വിപണി ശക്തിപ്പെടുത്തുന്നതിനോടൊപ്പം സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന വടക്കേ അമേരിക്ക, പശ്ചിമേഷ്യ, കിഴക്കനേഷ്യ മേഖലകളിൽ നിന്നുള്ള വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.<br>• ഇന്റർനെറ്റ് വഴിയുള്ള വിപണന തന്ത്രങ്ങൾ ശക്തിപ്പെടുത്തും<br>• അന്താരാഷ്ട്ര ടൂറിസം മേളകളിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം ഉറപ്പാക്കുന്നതിനോടൊപ്പം സ്വകാര്യ മേഖലയ്ക്ക് ഇത്തരം മേളകളിൽ പങ്കെടുക്കുന്നതിനുള്ള ഉചിതമായ പ്രോത്സാഹനം നൽകും<br>• കേരള ടൂറിസം വെബ്സൈറ്റും, കേരള ടൂറിസം മൊബൈൽ ആപ്പും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തും.</td></tr>
</table>

| | | | |
|---|---|---|---|
| ഡി) | 2016-17, 2017-18 വർഷങ്ങളിൽ കേരളത്തിലെത്തിയ ആഭ്യന്തര/വിദേശ സഞ്ചാരികളിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിച്ച തുക എത്ര എന്ന് തരംതിരിച്ച് വ്യക്തമാക്കുമോ? | ഡി) | 2016 കലണ്ടർ വർഷം 29658.56 കോടി രൂപയും 2017 വർഷം 33383.68 കോടി രൂപയും ടൂറിസം മേഖലയിൽ നിന്നും സംസ്ഥാനത്തിന് ലഭിചതായാണ് കണക്കുകൂട്ടിയിട്ടുള്ളത്. ഇതിൽ 2016 വർഷത്തെ വിദേശനാണ്യ വരുമാനം 7749.51 കോടി രൂപയും2017 വർഷത്തെ വിദേശനാണ്യ വരുമാനം 8392.11 കോടി രൂപയും ആണ്. |

**സെക്ഷൻ ഓഫീസർ**